സൗകര്യത കുറവാണ്. എങ്കിലും കുട്ടികൾക്ക് ആശങ്ക ഇല്ലാതാക്കുന്നതിനും അപ്പപ്പോൾ ചികിൽസ ചെയ്യാനും അവരെ മാറിത്താമസിപ്പിക്കാനുമുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(16) കൈത്തൊഴിലുകാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ടി. കുണാരൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പണിയെടുത്തു ജീവിക്കുന്ന ലക്ഷക്കണക്കിനു വരുന്ന ബാർബർമാർ, തുന്നൽക്കാർ, അലക്കുതൊഴിലാളികൾ, സ്വർണ്ണപ്പണിക്കാർ തുടങ്ങി കൈത്തൊഴിൽ മേഖലയിൽപ്പെട്ട തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതത്തിന് പര്യാപ്തമാകുന്ന നിയമ നടപടികൾ, ഭരണ നടപടികൾ, ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കൈക്കൊള്ളണം. ബാർബർമാരെ സംബന്ധിച്ച് 1982-ൽ നമ്മുടെ ബഡ്ജറ്റിൽത്തന്നെ 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇന്നുവരെ നയാപൈസ ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം കൊടുത്തിട്ടില്ല. കൈത്തൊഴിൽ എന്ന രംഗത്ത് ജോലി എടുത്തുവരുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് പരിരക്ഷ നൽകുവാനും അവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് നിയമ പരിരക്ഷ നൽകുവാനും ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ആ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളെല്ലാം കൂടി പത്തിരുപതു ലക്ഷം ഉണ്ടാകും. അവരുടെയൊക്കെ ക്ഷേമത്തെ സംബന്ധിച്ച് എന്തുചെയ്യണമെന്നു പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അവർക്ക് ക്ഷേമനിധി ഉണ്ടാക്കാൻ ഒരു സ്കീം തയ്യാറാക്കുകയും അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ വിശദമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. വളരെവേഗം അതൊരു സ്കീമായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതാണ്.

(17) പാറത്തൊഴിലാളികളുടെ നേർക്കുള്ള പോലീസ് മർദ്ദനം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന പൂയപ്പള്ളി പോലീസ് സ്റ്റേഷനിലെ എസ്. ഐ. അദ്ദേഹത്തിന്റെ പ്രവർത്തന മേഖലയിൽ നടത്തുന്ന നഗ്നതാണ്ഡവത്തിന്റെ ഭീകരമായ ചിത്രമാണ് മുഖ്യമന്ത്രിയുടെ മുമ്പിൽ എനിക്ക് വരച്ചുകാട്ടാനുള്ളത്. വെളിനെല്ലൂർ, പൂയപ്പാറ, വെളിയം, കരീപ്ര എന്നീ പഞ്ചായത്തുകളിൽ 20 പാറമടകളുണ്ട്. അവിടെ മൂവായിരത്തോളം തൊഴിലാളികളുണ്ട്. അതിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും പ്രാണരക്ഷാർത്ഥം നാടുവിട്ടിരിക്കുകയാണ്. അവരുടെ പണിയായുധങ്ങളും ലോറിയും പാറയും ഇന്ന് പോലീസിന്റെ കസ്റ്റഡിയിലാണ്. അവിടം യാതൊരു കുഴപ്പവുമില്ലാതിരുന്ന പ്രദേശമാണ്. ഈ പോലീസ് ഉദ്യോഗസ്ഥൻ അവിടെ വന്നിട്ട് രണ്ടര വർഷത്തോളം ആയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ജോലി മർദ്ദനമാണ്. അവിടെ സൃഷ്ടിച്ചിരിക്കുന്ന ഭീകര അന്തരീക്ഷം അവസാനിപ്പിക്കുകയും പാറ തൊഴിലാളികൾക്ക് സ്വന്തമായി ജോലി ചെയ്തു ജീവിക്കാൻ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കുകയും ചെയ്യണം. ആ എസ്. ഐ. യുടെ പേരിൽ നടപടിയെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly